(ബി) ഇങ്ങനെ കൈമാറിയ സ്ഥാപനങ്ങളിലെ സ്ബോർഡിനേറ്റ് സർവ്വീസിൽപ്പെടുന്ന ജീവനക്കാരുടെ പേരിൽ സസ്പെൻഷൻ അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് പ്രസിഡന്റിന് അധികാരമുണ്ട്. മറ്റുള്ളവരുടെ കാര്യത്തിൽ ലഘു ശിക്ഷകൾ ചുമത്താനും അധികാരമുണ്ട്.

(സി), (ഡി) & (ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) പരിഗണനയിലില്ല.

(ജി) അധികാരവികേന്ദ്രീകരണം അട്ടിമറിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം നഗരത്തിൽ പാർക്കിംഗ് സൗകര്യം

125 [1652] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ വാഹനങ്ങളുടെ അനധികൃത പാർക്കിംഗ് കാരണം വാഹന അപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യത്തിനായി മറ്റ് മെട്രോ നഗരങ്ങളിലുള്ളതുപോലെ പൊതുവായ പാർക്കിംഗ് സ്ഥലങ്ങളോ ബഹുനില കെട്ടിടങ്ങളോ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) തലസ്ഥാന മേഖലാ വികസന പരിപാടിയിൽ ഉൾപ്പെടുത്തി പുത്തരിക്കണ്ടം മൈതാന വികസനത്തിന്റെ ഭാഗമായി മൈതാനത്തിന്റെ വടക്കേ അറ്റത്തു കൂടി പോകുന്ന ആമയിഴഞ്ചാൻ തോട് പുനർനിർമ്മാണത്തോടൊപ്പം തോടിന്റെ മുകൾ ഭാഗത്ത് വീതികൂടിയ സ്ലാബ് വാർത്ത് ലഭിക്കുന്ന സ്ഥലത്തിൽ എഴുപതോളം കാറുകൾക്ക് പാർക്ക് ചെയ്യാൻ 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവഭൂപടം

126 [1653] ശ്രീ. എം. എ. വാഹീദ്:
,, എം. എ. ചന്ദ്രശേഖരൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണകാലത്ത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഭവ ഭൂപടം നിർമ്മിക്കുകയുണ്ടായോ; എങ്കിൽ എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഭവ ഭൂപടം നിർമ്മിച്ചു;

LIBRARY ARCHIVES Kerala Legislative Assembly